(ഇ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ഹെഡ് ആഫീസ് തിരുവനന്തപുരത്തും, റീജിയണൽ ഓഫീസ് തൃശ്ശൂരും പ്രവർത്തിക്കുന്നു. വാടകയിനത്തിൽ പ്രതിമാസം ഹെഡ് ആഫീസിന് 49,472 രൂപയും റീജിയണൽ ആഫീസിന് 20,837 രൂപയും ചെലവാകുന്നു. ആഫീസ് പ്രവർത്തനത്തിന് ഹെഡ് ആഫീസിൽ 7,62,406 രൂപയും റീജിയണൽ ആഫീസിൽ 3,56,861 രൂപയും ചെലവായിട്ടുണ്ട്.

(എഫ്) സഹകരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ മുഖേന ഒരു ജോയിന്റ് രജിസ്ട്രാർ സെക്രട്ടറിയായും, 2 അസിസ്റ്റന്റ് രജിസ്ട്രാർമാർ മാനേജർമാരായും ജോലി നോക്കുന്നതുൾപ്പെടെ 47 ജീവനക്കാരാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ജോലി ചെയ്യുന്നത്. ഇതിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ 2 പേരും കരാർ അടിസ്ഥാനത്തിൽ 21 പേരും ഉൾപ്പെടെ 23 പേർ താൽക്കാലിക ജീവനക്കാരാണ്.

'ആലില' പദ്ധതി

137 (504) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ 'ആലില' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിക്കൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനായി 5 ലക്ഷം വൃക്ഷതൈകൾ നട്ടുവളർത്തുക എന്നതാണ് 'ആലില' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പരിസ്ഥിതി സംരക്ഷണത്തിൽ വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ജനങ്ങളിൽ അവബോധം ഉണ്ടാക്കുക എന്നിവയും ലക്ഷ്യങ്ങളിൽപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലും, ബന്ധപ്പെട്ട അധികൃതരുടെ അനുമതിയോടെ പൊതു സ്ഥലത്തും, വൃക്ഷത്തൈകൾ നട്ടുവരുന്നു. വനം വകുപ്പ്, കൃഷി വകുപ്പ്, സർക്കാർ നിയന്ത്രണത്തിലുള്ള ഫാമുകൾ, കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും വൃക്ഷത്തൈകൾ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുവരുന്നു. താലൂക്ക് തലത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർമാർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. വൃക്ഷങ്ങളുടെ പ്രാധാന്യവും വൃക്ഷത്തൈകൾ നട്ടുവളർത്തേണ്ടതിന്റെ ആവശ്യകതയും സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി ചർച്ചാ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും, ജീവനക്കാർക്കും പ്രസംഗം, ഉപന്യാസം, ക്വിസ് തുടങ്ങിയ മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. ഏറ്റവും നന്നായി മരം പരിപാലിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾ, വ്യക്തികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർക്ക് സംഘങ്ങൾ പ്രശംസാപത്രങ്ങളും അവാർഡും നൽകിയിരുന്നു. പദ്ധതിയുടെ ഏകോപനവും അവലോകനവും ജില്ലാതലത്തിൽ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർ നടത്തിവരുന്നു.

'ആലില' പദ്ധതി

138 (505) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പ് നടപ്പാക്കുന്ന 'ആലില' പദ്ധതിയുടെ വിശദാംശങ്ങൾ നല്കുമോ ;

(ബി) പരിസ്ഥിതി സംരക്ഷണത്തിനും ജൈവകൃഷി വ്യാപനത്തിനും ഈ പദ്ധതി എത്രമാത്രം പ്രയോജനകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ജൈവകൃഷി പ്രോത്സാഹനത്തിന് സഹകരണബാങ്കുകൾ മുഖേന പ്രത്യേക പാക്കേജുകൾ ലക്ഷ്യമിടുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി പരിപാലന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് ഭൂമിയുടെ നല്ല നാളേക്കായി 5 ലക്ഷം വൃക്ഷത്തൈകൾ നട്ടുവളർത്തുക എന്നതാണ് ആലില പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സഹകരണ

LIBRARY ARCHIVES Kerala Legislative Assembly